# ആത്മകഥയിലെ പെണ്ണെഴുത്ത്

ഗാർഗി. ആർ
മലയാള വിഭാഗം, സെന്റ് തെരേസാസ് കോളേജ്, എറണാകുളം

സ്വാനുഭവാംശം അന്യരുമായി പങ്കിടാനുള്ള ജൈവികതൃഷ്ണയിൽ നിന്നാണ് ഓരോ ആത്മചരിതവും പിറവികൊള്ളുന്നത്. സ്വജീവിതാനുഭവങ്ങൾ വിശകലനം ചെയ്ത് അവ സാമൂഹ്യമായ ഇടപെടലുകൾക്ക് സാധ്യമാകുന്ന രീതിയിൽ പരിവർത്തനം ചെയ്യപ്പെടുമ്പോഴാണ് ആത്മകഥ ജനകീയമാകുന്നത്. ആത്മകഥനങ്ങളുടെ വ്യത്യസ്ത രചനാരൂപങ്ങളായ ആത്മകഥ, ദിനസരികൾ, കത്തുകൾ, സ്മരണകൾ, വ്യക്തിചിത്രണങ്ങൾ എന്നിവ എല്ലാം ചേർത്ത് ആത്മാഖ്യാനങ്ങളെന്ന് പൊതുവിൽ വിളിക്കാം. ജീവചരിത്രത്തെയും ആത്മകഥയെയും വേർതിരിക്കാൻ നേരിയ അതിർവരമ്പേയുള്ളൂ. പ്രമുഖവ്യക്തി തന്നിൽ ചെലുത്തിയ അനുഭവത്തിന്റെ രേഖപ്പെടുത്തലാണ് ജീവചരിത്രമെങ്കിൽ പിന്നിട്ട ജീവിതത്തെക്കുറിച്ചുള്ള സ്വാത്മവിചിന്തനമാണ് ആത്മകഥ. അതായത്, ആഖ്യാതാവിന്റെ സ്വന്തം അനുഭവങ്ങളുടെ തന്നെ ഒരു പുനർവായനയാണ് ആത്മകഥാരചനയെന്ന പ്രക്രിയയിലൂടെ സംഭവിക്കുന്നത്. ഇത്രയൊക്കെ പ്രാധാന്യമവകാശപ്പെടാമെങ്കിലും ആവിഷ്കരണത്തിൽ സംഭവിക്കാവുന്ന മറവിയും ജീവിതത്തിന്റെ മുമ്പേതന്നെ ആത്മകഥ രചിക്കുന്നതും സത്യത്തെ മറച്ചുവെച്ച് ചില പ്രത്യേക താല്പര്യങ്ങളെ ഉയർത്തിക്കാട്ടുന്നതും ആത്മകഥകളുടെ പരിമിതിയിൽ നില്ക്കുന്നു. ഏതൊരു ആത്മകഥയിലും രാഷ്ട്രീയ-പ്രത്യയശാസ്ത്ര നിലപാടുകൾ ഉണ്ട്. അവയുടെ സാധ്യത/സാധുത എന്നിവയെ വിവരിക്കുകയും വിശദീകരിക്കുകയുമാണ് ആത്മകഥയിലൂടെ എഴുത്തുകാരൻ/എഴുത്തുകാരി ചെയ്യുന്നത്. അതിനുതകുന്ന തെരഞ്ഞെടുപ്പും ഒഴിവാക്കലുമാണ് ആഖ്യാനരീതിയിൽ ആത്മകഥാരചയിതാക്കൾ പുലർത്തുന്നത്. ഈ തെരഞ്ഞെടുപ്പിനെയും ഒഴിവാക്കലിനെയും സ്വാധീനിക്കുന്നത് സമുദായത്തിന്റെ പൊതുബോധങ്ങളും മൂല്യങ്ങളും മാമൂലുകളുമാണ്. അനുഭവങ്ങളുടെ പെരുക്കംമൂലം അതിനകത്ത് തിരഞ്ഞെടുപ്പ് (selection)/ ചുരുക്കൽ (reduction) എന്നീ തന്ത്രങ്ങൾ പ്രയോഗിക്കാൻ ആഖ്യാതാവ് നിർബന്ധിതനാവുക സ്വാഭാവികമാണ്.

## പെണ്ണെഴുത്ത്

ആത്മകഥ എന്ന ഭദ്രമായ രചനാരൂപം ഏറെക്കുറെ പുരുഷകേന്ദ്രിതമാണ്. സ്ത്രീകൾ സമൂഹത്തിലേക്കിറങ്ങി വ്യത്യസ്തമേഖലകളിൽ ഇടപെടാൻ തുടങ്ങിയതോടെ സ്ത്രീ സ്വതന്ത്ര്യവാദങ്ങൾ പ്രബലമായി മറ്റെല്ലായിടത്തുംപോലെ സ്ത്രീ സാന്നിദ്ധ്യം സാഹിത്യത്തിലും

ശക്തമായി. അനുഭവത്തിന്റെ തീവ്രതയും ബന്ധപ്പെടുന്ന സ്ഥലങ്ങളുടെ വ്യാപനവും സ്ത്രീകളിൽ പുതിയൊരവബോധം സൃഷ്ടിച്ചു. അതോടെ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കാനുള്ള താല്പര്യം ഇവരിൽ ഏറിയിരുന്നു. ഈ ഒരു സന്ദർഭത്തിലാണ് പെൺആത്മചരിതങ്ങൾക്ക് പ്രസക്തി വരുന്നത്. ഒരു സ്ത്രീക്ക് സ്വന്തം കഥപറയുന്നതിന് പലരീതികൾ ഉപയോഗിക്കാം. സ്വന്തം ഭാഷയിലും ശൈലിയിലുമുള്ള ആത്മകഥനം, ആത്മകഥയായി നാമകരണം ചെയ്യാതെ അനുഭവങ്ങളുടെയും ജീവചരിത്രത്തിന്റെയും രേഖീയമല്ലാത്ത ആഖ്യാനം, മറ്റൊരാളെ നിയോഗിച്ച് കഥപറഞ്ഞ് കൊടുത്തത് തയ്യാറാക്കുന്ന രീതി എന്നിങ്ങനെ. പുതിയ ആത്മകഥകൾ പലതും പകർത്തിയെഴുത്തിന്റേതായ ഒരു രീതി അനുവർത്തിക്കുന്നതായി കാണുന്നുണ്ട്. ഇത്തരത്തിൽ പകർത്തിയെഴുത്തുകാരന്റെ താല്പര്യങ്ങൾക്കനുസരിച്ച് ആത്മകഥ രചിക്കപ്പെടുമ്പോൾ ഒരുപക്ഷേ, അതിന്റെ യഥാർത്ഥ അനുഭവതലം ലഭിച്ചില്ലെന്നുവരാം.

സ്വന്തം മനോവ്യാപാരങ്ങൾ ഏറ്റവും നന്നായി ആവിഷ്കരിക്കാൻ കഴിയുന്ന മാധ്യമം എന്നനിലയ്ക്ക് ആത്മകഥയ്ക്കുള്ള പ്രാധാന്യം വിലയിരുത്തുമ്പോൾ സ്ത്രീരചനകളുടെ കാര്യത്തിൽ ജീവചരിത്രത്തിൽ വരുന്ന കുറവുകളെ തിരുത്താനും സ്ത്രീസ്വത്വം കൂടുതൽ വ്യക്തമായി അനാവരണം ചെയ്യാനും ആത്മകഥകൾക്ക് കഴിയും. പുരുഷകാഴ്ചയ്ക്ക് പുറത്തുള്ള സ്ത്രീയുടെ സ്വയം കണ്ടെത്തലിന്റെ ആഖ്യാനമാണ് പെൺമയുടെ ആത്മചരിതങ്ങൾ. പൊതുവെ സ്ത്രീ ആത്മകഥനങ്ങൾ വൈകാരികത കൂടുതലുള്ളതാണ്. കുടുംബത്തിനു വേണ്ടി അവർ കൂടുതൽ വാക്കുകൾ ഉപയോഗിക്കുന്നു. പുരുഷൻ പൊതുഇടങ്ങളിലുള്ള തന്റെ സ്ഥാനം അടയാളപ്പെടുത്തുകയും തന്റെ ജീവിതവുമായി ബന്ധപ്പെട്ട സ്ത്രീകളെക്കുറിച്ച് വളരെ കുറവ് മാത്രം പറയുകയും ചെയ്യുന്നു. സ്ത്രീ ആത്മചരിതങ്ങളിൽ സ്ത്രീയുടെ മാനസിക പ്രശ്നങ്ങൾ, വൈകാരിക പ്രശ്നങ്ങൾ തുടങ്ങി പുരുഷലോകത്തിന് അജ്ഞാതമായ മാനസിക ലോകങ്ങൾ അവർ അനാവരണം ചെയ്യുന്നു. ഭർത്താവ്, അച്ഛൻ, സഹോദരൻ, മക്കൾ തുടങ്ങിയവരുടെ പൊതുപ്രവർത്തനങ്ങളെ പ്രശംസിക്കാൻ സ്ത്രീകൾ അവരുടെ ആത്മകഥകളിൽ മടിക്കുന്നില്ല. പൊതുവെ ഏതുകാര്യവും തുറന്നെഴുതാൻ അവർ ശ്രമിക്കുന്നുണ്ട്. കുടുംബചരിത്രവും, പ്രാദേശികചരിത്രവും സമുദായചരിത്രവും, രാഷ്ട്രീയചരിത്രവുമൊക്കെ ആത്മകഥ വെളിപ്പെടുത്തുന്നു. ഏത് ദായക്രമവും, ഏത് ജാതിവ്യവസ്ഥയും സ്ത്രീക്ക് പുരുഷന് പിന്നിൽ മാത്രമാണ് സ്ഥാനം നല്കിയതെന്നും സ്ത്രീ ആത്മകഥനത്തിൽ പറയാതെ പറയുന്നുണ്ട്. സ്ത്രീയെഴുതിയ ആത്മകഥയെ പുരുഷനെഴുതിയ ആത്മകഥയുമായി ചേർത്തു വായിക്കുമ്പോൾ ഭാഷാക്രമം, ആശയങ്ങളടങ്ങുന്ന രീതി, ജീവിത സമീപനത്തിലുള്ള വ്യത്യാസം, സ്ത്രീപുരുഷന്മാർ തമ്മിലുള്ള വ്യത്യാസത്തോളം വലുതാണെന്നു കാണാം. എസ്. ശാരദക്കുട്ടി എഴുതുന്നു 'കീഴടക്കുന്നതിന്റെ ആധികാരികത ആണിന്റെ ഭാഷയിലുണ്ടാകുമ്പോൾ തരണം ചെയ്യുന്നതിന്റെ തകർച്ചയിലാണ് പെണ്ണെഴുതുന്നത്. ചരിത്രത്തിന്റെ ഇടനാഴിയിലെ തേങ്ങലുകളെന്നും മറ്റും പെണ്ണിന്റെ ആത്മകഥ വിശേഷിപ്പിക്കപ്പെടുമ്പോൾ സാമൂഹിക വിപ്ലവത്തിന്റെ തീനാളമായി ആണെഴുതുന്ന ആത്മകഥയെ കാണുന്നതിന്റെ കാരണം വിഷയത്തെ സമീപിക്കുമ്പോഴുള്ള ലിംഗപരമായ വ്യത്യാസങ്ങളാവാം' (ശാരദക്കുട്ടി. എസ് 2007:24). ലിംഗഭേദം ആത്മകഥയുടെ ആഖ്യാനത്തിൽ വരുത്തുന്ന സ്വാധീനം വളരെ വലുതാണ്. സ്ത്രീയെഴുതുന്ന ആത്മകഥ പലപ്പോഴും ചുറ്റുപാടുമുള്ള വലിയ ലോകത്തേക്കാൾ തന്റെ അനുഭവലോകത്തിന്റെ സാകല്യമാണ് ചിത്രീകരിക്കുക. ലോകത്തെ വിശാലതകളെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും ബോധവതിയായിരിക്കുമ്പോഴും വൈയക്തികവും സ്വകാര്യവുമായ ലോകത്തെ ഭ്രമണം ചെയ്യാനാണ് സ്ത്രീഭാഷണങ്ങൾ ശ്രമിക്കാറ്.

ആദ്യകാലത്തുണ്ടായ സ്ത്രീകളുടെ ആത്മകഥകൾ പലപ്പോഴും ഭർതൃചരിതത്തിൽ ഒതുങ്ങുന്ന പ്രവണതയാണ് കാണുന്നത്. 1916-ൽ പ്രസിദ്ധീകൃതമായ ബി.കല്യാണിയമ്മയുടെ വ്യാഴവട്ട സ്മരണകളിൽ ഉത്തമഭാര്യാസങ്കല്പത്തെ സാധൂകരിക്കുന്ന ജീവിതമാണ്

ആവിഷ്കരിച്ചിരിക്കുന്നത്. അക്കാമ്മ വർക്കിയുടെ 1114-ന്റെ കഥ (1971) ജസ്റ്റിസ് അന്നാ ചാണ്ടിയുടെ ആത്മകഥ (1973) എന്നിവ ആദ്യഘട്ടത്തിലെ ആത്മകഥകളിൽ ശ്രദ്ധേയമായവയാണ്. 1973-ൽ പുറത്തിറങ്ങിയ മാധവിക്കുട്ടിയുടെ 'എന്റെ കഥ' സാഹിത്യലോകത്ത് കോളിളക്കമുണ്ടാക്കിയ ആത്മകഥയാണ്. കേരളീയ സമൂഹത്തിൽ നിലനില്ക്കുന്ന ആദർശദാമ്പത്യ സദാചാര സങ്കല്പത്തിനേറ്റ ആഘാതമായിരുന്നു ഈ കൃതി. വിപ്ലവകാരിയും സാഹിത്യകാരനുമായിരുന്ന കെ. ബാലകൃഷ്ണന്റെ സഹധർമ്മിണി ചന്ദ്രികാബാലകൃഷ്ണന്റെ ഓർമ്മക്കുറിപ്പുകളാണ് 'ഓർമ്മയുടെ ഓടക്കുഴലുമായ്' (1978). കെ. ബാലകൃഷ്ണനെ കേന്ദ്രീകരിച്ചുള്ളതാണ് ഓർമ്മകളെങ്കിലും അതിലൂടെ ഗ്രന്ഥകാരിയുടെ കുടുംബചരിത്രത്തോടൊപ്പം രാജ്യചരിത്രവും സമുദായചരിത്രവും അനാവൃതമാകുന്നുണ്ട്. ലീലാദാമോദരമേനോന്റെ 'ചേട്ടന്റെ നിഴലിൽ' (1984) എന്ന ആത്മകഥയിൽ നിറഞ്ഞു നില്ക്കുന്നത് അവരുടെ ഭർത്താവും രാഷ്ട്രീയ നായകനുമായിരുന്ന കെ. ദാമോദരമേനോനാണ്. മിസിസ്സ് എം.പി. പോളിന്റെ 'എം.പി. പോൾ സ്മരണക'ളിൽ (1957) കാണുന്ന അവരുടെ ചിത്രം മിഴിവുറ്റതാണ്. സി.ജെ. തോമസിനെപ്പറ്റി പത്നി റോസി തോമസ് എഴുതിയ ഇവനെന്റെ പ്രിയ സി.ജെ. (1970), പിതാവായ എം.പി. പോളിനെപ്പറ്റി അവർ തന്നെ എഴുതിയ ഉറങ്ങുന്ന സിംഹം (1982) എന്നീ പുസ്തകങ്ങളിൽ റോസി തോമസിന്റെ ആത്മകഥാംശങ്ങൾ ഇടകലരുന്നുണ്ട്. കേശവദേവിന്റെ പത്നി സീതാലക്ഷ്മിദേവ് എഴുതിയ 'കേശവദേവ് എന്റെ നിത്യകാമുകൻ' (1981) അവരുടെ പ്രണയകഥ മാത്രമാണ് പറയുന്നത്.

മറ്റൊരു പ്രധാനപ്പെട്ട ആത്മകഥ നക്സൽ വിപ്ലവകാരിയായിരുന്ന അജിതയുടെ ഓർമ്മക്കുറിപ്പുകൾ (1982) ആണ്. നക്സലിസവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ ആവിഷ്കരിക്കുന്ന ഈ ആത്മകഥയിൽ അവരുടെ യൗവ്വനം വരെയുള്ള ജീവിതമേ ആവിഷ്കരിക്കുന്നുള്ളു. ആനി തയ്യിലിന്റെ ആത്മകഥയാണ് ഇടങ്ങഴിയിലെ കുരിശ് (1990) പേര് സൂചിപ്പിക്കും പോലെ ഭൗതികവും ആദ്ധ്യാത്മികവുമായ അർത്ഥം ധ്വനിപ്പിക്കുന്ന പ്രതീകങ്ങളാണ് ഇടങ്ങഴിയും കുരിശും എന്ന് മുഖവുരയിൽ പറയുന്നുണ്ട്. സിസ്റ്റർ മേരി ബെനീഞ്ജയുടെ സാഹിത്യജീവിതമാണ് വാനമ്പാടിയിൽ (1985) അനാവൃതമാകുന്നത്.

പൂർണ്ണരൂപത്തിൽ എഴുതിയിരുന്നെങ്കിൽ നവോത്ഥാനസ്ത്രീത്വത്തിന്റെ ഉജ്ജ്വലരേഖയാവുമായിരുന്ന ആത്മകഥയാണ് ലളിതാംബിക അന്തർജ്ജനത്തിന്റെ 'ആത്മകഥക്കൊരാമുഖം' (1979). എഴുപതു വയസ്സ് കഴിഞ്ഞതിനു ശേഷമാണ് അന്തർജ്ജനം സ്വന്തം കഥയെഴുതുന്നത്. സി.വി. കുഞ്ഞിരാമൻ മുപ്പത്തിയഞ്ച് വയസ്സിൽ ആത്മകഥ എഴുതാൻ ആവശ്യപ്പെട്ടപ്പോൾ ജീവിതം പരിപക്വമായും അനുഭവങ്ങൾ ഓർമ്മകളായും മാറിയിട്ടേ എഴുതൂ എന്നു കരുതിയ അന്തർജ്ജനത്തിന് സംഭവങ്ങളെയും അനുഭവങ്ങളെയും നിസ്സംഗതയോടെ നോക്കിക്കാണാനുള്ള പാകത കൈവന്നപ്പോൾ ഓർമ്മകളും ദർശനശക്തിയും നഷ്ടപ്പെട്ടു വരികയാണെന്ന യാഥാർത്ഥ്യം മനസ്സിലായി. അതുകൊണ്ട് അവർ പലപ്പോഴായി എഴുതിയ കുറിപ്പുകൾ സമാഹരിച്ചുവെച്ചതാണ് ഈ കൃതി.

മലയാള ആത്മകഥയുടെ ആദ്യദശകങ്ങളിൽ സ്ത്രീകളുടെ ആത്മകഥാഖ്യാനങ്ങൾ വിരളമാണ്. സ്ത്രീ എഴുത്തുകാർ അധികമില്ലാത്തതെന്തെന്ന ചോദ്യത്തിന് അന്തർജ്ജനം ഉത്തരം കണ്ടെത്തുന്നത് ശ്രദ്ധേയമാണ്.

"വാസനയും, ഭാവനയും ഇല്ലാത്തതുകൊണ്ടല്ല, സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടാണ് അങ്ങനെ വന്നതെന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടിട്ടുണ്ടല്ലോ. ഭാരതത്തിൽ സ്വാതന്ത്ര്യം കുടിയവരാണ് കേരളസ്ത്രീകൾ എന്നു പറയാറുണ്ട്. പക്ഷേ, ഇവിടെയും അവർ എന്നും സാഹിത്യ ലോകത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗക്കാരായിരുന്നു. സാഹിത്യത്തോടടുക്കുവാൻ വിലക്കുണ്ട്. തീണ്ടലും, തൊടീലുമുണ്ട്'" (ലളിതാബിംക അന്തർജ്ജനം 1979:92)

അന്തർജ്ജനം ഇങ്ങനെ എഴുതിയത് പുരുഷ വിദ്വേഷം കൊണ്ടല്ല. പുരുഷ സൃഷ്ടമായ മൂല്യങ്ങൾക്കും സങ്കല്പങ്ങൾക്കുമനുസരിച്ച് ജീവിക്കുന്ന സ്ത്രീയ്ക്ക് സ്വന്തമെന്നാവകാശപ്പെടാവുന്ന അനുഭവങ്ങളോ, ജീവിതമോ സാഹിത്യത്തിൽ ആവിഷ്കരിക്കാൻ കഴിയാത്ത ഒരു സാഹചര്യത്തെയാണ് വെളിപ്പെടുത്തുന്നത്.

ആത്മകഥയുടെ പുതുഇടങ്ങൾ

ആധുനികാനന്തര സാഹിത്യപശ്ചാത്തലത്തിൽ അരികുകളിൽനിന്നും ദളിത്- പ്രാന്തവത്കൃത സാമൂഹികാന്തരീക്ഷത്തിൽനിന്നും ആത്മകഥകൾ കയറി വരുന്നതും അത് മുഖ്യധാരാസാഹിത്യത്തോട് സംവദിക്കുന്നതും നമുക്ക് മാറ്റിനിർത്താനാവില്ല. പക്വതയാർജ്ജിച്ച എഴുത്തുകാരാവാൻ കാത്തുനില്ക്കാതെ രചനാലോകത്തേക്ക് വരുന്നവരാണ് ഇവരിലേറെയും. ബഹിഷ്കരണത്തിന്റെയും പീഡനത്തിന്റെയും യാഥാർത്ഥ്യങ്ങളിൽ കുടുങ്ങി കിടക്കുന്ന ഇവർക്ക് അഭിപ്രായ-സത്യങ്ങൾ തുറന്നു പറയാനുള്ള ഉപാധി മാത്രമാണ് സ്വന്തം ജീവിതം. ഇത്തരം കൃതികളിൽ സമകാലിക സമൂഹത്തിലെ നേരുകളെപ്പറ്റിയുള്ള സങ്കല്പങ്ങളെയാണ് ഒരർത്ഥത്തിൽ ചോദ്യംചെയ്യുന്നത്. പലപ്പോഴും കീഴാള-പ്രാന്തവത്കൃത രചനകൾ എഴുത്തിന്റെ തനത് വ്യവസ്ഥയെയും രീതിയെയും തകിടം മറിക്കുന്നത് കാണാം. നളിനിജമീലയും (ഒരു ലൈംഗിക തൊഴിലാളിയുടെ ആത്മകഥ), സി.കെ. ജാനുവും (സി.കെ. ജാനുവിന്റെ ജീവിത കഥകൾ), മയിലമ്മയും (മയിലമ്മ ഒരു ജീവിതം) അത്തരം പൊളിച്ചെഴുത്തുകളാണ് നടത്തിയത്. ഇവിടെ സ്ത്രീയുടെ ജീവിതം പുരുഷനിലൂടെ പകർത്തിയെഴുതപ്പെടുകയാണ്.

ആത്മകഥയുടെ നിർമ്മിതിയിലൂടെയാണ് സ്ത്രീയുടെ അടുത്ത ഇരയാക്കപ്പെടൽ. ഇത്തരത്തിൽ അപരാഖ്യാതാവ് ആഖ്യാനം ചെയ്യുകവഴി സ്വാനുഭവങ്ങളുടെ തീക്ഷ്ണത രണ്ടിലൊന്നായി കുറയുന്നു. എഴുത്തിനകത്തെ വ്യക്തിയുടെ ക്ഷോഭം, പ്രതിരോധം, ദുഃഖം തുടങ്ങി ഏതൊരു വികാരത്തേയും കേട്ടെഴുതുന്ന വ്യക്തിയാണ് എങ്ങിനെ ഉപയോഗിക്കണം എന്നു തീരുമാനിക്കുന്നത്. കൂട്ടിച്ചേർക്കലുകളും, കുറയ്ക്കലുകളും നടക്കുകയും ചെയ്യുന്നു. പക്ഷേ, വായിക്കപ്പെടുന്നത് വ്യക്തിയുടെ അനുഭവങ്ങളായാണ്. നിർമ്മിക്കപ്പെടുന്ന വിപണിയുടെ പരോക്ഷമായ താല്പര്യങ്ങളും ഉണ്ടാകുന്നു. ഇത്തരത്തിൽ ആത്മകഥ യാഥാർത്ഥ്യത്തിന്റെ നിഴൽ മാത്രമായി ചുരുങ്ങുന്നു. തനതുഭാഷയിലെഴുതുകയും തനതു സംസ്കാരത്തെ ഊറ്റത്തോടെ കാണുകയും ചെയ്യുന്ന ഒരു രീതിയും സമീപകാല ആത്മകഥകളിൽ തെളിയുന്നുണ്ട്.

ആത്മകഥകളുടെ പുതുരീതികളിൽ കാണുന്ന മറ്റൊരു പ്രത്യേകത അതിന്റെ സാഹിത്യേതരതയാണ്. സാഹിത്യത്തിന്റെ സൗന്ദര്യത്തിനുമപ്പുറം അത് പ്രാമുഖ്യം നല്കുന്നത് അനുഭവങ്ങളുടെ തെളിച്ചങ്ങൾ നല്കാനാണ്. ചുരുക്കത്തിൽ ജ്ഞാനമണ്ഡലത്തിന്റെ ഇന്നത്തെ പരിസരത്തിൽ നിന്നും അനുഭവങ്ങളെയും അറിവുകളെയും വായിച്ചെടുക്കുമ്പോൾ ആ അറിവും അനുഭവവും അതായി മാത്രം നില്ക്കാതെ വ്യത്യസ്തമായ ജ്ഞാനമണ്ഡലത്തിലേക്കും സാമൂഹിക പരിസരത്തേക്കും വായനക്കാരെ എത്തിക്കുന്നു.

ആധാരഗ്രന്ഥങ്ങൾ

1. അനിൽകുമാർ എം.വി., 2011 സ്വാതന്ത്ര്യത്തിന്റെ പെണ്ണകങ്ങൾ, കോട്ടയം, നാഷണൽ ബുക് സ്റ്റാൾ
2. കല്യാണിയമ്മ ബി., 1989 വ്യാഴവട്ട സ്മരണകൾ, കോട്ടയം. ഡി.സി.ബുക്സ്
3. ഗീത പി., ജനവരി 2010, വിധവാവിലാപങ്ങളിലെ ഒളിപ്പോരിടങ്ങൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ് 87:45, പുറം 30-41
4. രവീന്ദ്രൻ എൻ.കെ., 2010, പെണ്ണെഴുതുന്ന ജീവിതം, കോഴിക്കോട്, മാതൃഭൂമി ബുക്സ്

5. രാധാകൃഷ്ണൻ പി.എസ്., 2014, ആത്മചരിത്രത്തിന്റെ കഥാന്തരങ്ങൾ, തുടി 6: 2, പുറം: 11-12
6. ലളിതാംബിക അന്തർജ്ജനം, 1979, ആത്മകഥയ്ക്ക് ഒരാമുഖം, തൃശ്ശൂർ കറന്റ് ബുക്സ്
7. ശാരദക്കുട്ടി എസ്., 2007, പെൺവിനിമയങ്ങൾ, കോട്ടയം: ഡി.സി.ബുക്സ്